# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 89** **26.09.2016-ൽ മറുപടിയ്ക്ക്**

### എ.ടി.എം. കൗണ്ടർ തട്ടിപ്പുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ ബാങ്കുകളുടെ എ.ടി.എം. കൗണ്ടറുകളിൽ നിന്നും പണം തട്ടിയെടുക്കുന്ന സംഘങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തുവെന്നും എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു സംബന്ധിച്ച് 21 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 4 കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുകയും 3 കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കേസുകളിൽ അന്വേഷണം നടന്നു വരുന്നു. |
| (സി) എ.ടി.എം. കൗണ്ടർ തട്ടിപ്പുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെതിരെ ആഭ്യന്തര വകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) എ.ടി.എം. കൗണ്ടറുകളിൽ മതിയായ സെക്യൂരിറ്റിക്കാരെ നിയോഗിച്ച് സുരക്ഷ ഒരുക്കുന്നതിനും എ.ടി.എം. കൗണ്ടറുകളിൽ ബാങ്ക് സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾ അല്ലാതെ മറ്റേതെങ്കിലും ഉപകരണങ്ങൾ അനധികൃതമായി സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തണമെന്നും കൂടാതെ എ.ടി.എം. കൗണ്ടറുകളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി ദൃശ്യങ്ങൾ കൃത്യമായി പരിശോധിച്ച് അസാധാരണവും സംശയവും ഉണർത്തുന്നതുമായ ദൃശ്യങ്ങൾ ഉണ്ടോ എന്ന് കണ്ടെത്തി ആ വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ എ.ടി.എം. കൗണ്ടറുകൾ സ്ഥിതി ചെയ്യുന്ന സ്റ്റേഷൻ എസ്.എച്ച്.ഒ മാർ എ.ടി.എം. കൗണ്ടറുകളിൽ മതിയായ ശ്രദ്ധയും സുരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശം |

നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഇക്കാര്യത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പോലീസ് പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി നോക്കി വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് എ.ടി.എം. കൗണ്ടറുകൾ കേന്ദ്രീകരിച്ച് ശക്തമായ നിരീക്ഷണം നടത്തുവാനും ഉള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**